ഭരണഭാഷ - മാതൃഭാഷ

<u>വിവരാവകാശം / മറുപടി</u>

നം.D5/4758/2018

സാമൂഹ്യ നീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ
തിരുവനന്തപുരം
Email-swdkerala@gmail.com
തിയതി 04/05/2018

സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ
സാമൂഹ്യ നീതി ഡയറക്ടർ.

ശ്രീ. വി.കെ.ഹരിദാസ്
ആഞ്ഞിലിപ്പറമ്പിൽ
കതിരപ്പന്തി വാർഡ്
തിരുവമ്പാടി പി ഒ

സർ,

വിഷയം-സാമൂഹ്യ നീതി വകുപ്പ് - സാമൂഹ്യ നീതി ഡയറക്ടറേറ്റ്- വിവരാവകാശം 2005 -മറുപടി ലഭ്യമാക്കുന്നത് സംബന്ധിച്ച്

സൂചന -ശ്രീ. വി.കെ.ഹരിദാസിന്റെ 03.04.2018 ലെ വിവരാവകാശം 2005 പ്രകാരമുള്ള അപേക്ഷ

**<u>ചോദ്യം 1 നുള്ള മറുപടി</u>**

സർക്കാർ / അർദ്ധ സർക്കാർ സ്വയം ഭരണ സ്ഥാപനങ്ങൾ / യൂണിവേഴ്സിറ്റികൾ / പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ നിയമനങ്ങളിൽ നിലവിൽ ഭിന്ന ശേഷിക്കാർക്കായുള്ള 100 പോയിന്റ് റിസർവ്വേഷൻ റോസ്റ്ററിലെ 33,66,99 എന്നീ ഔട്ട് ഓഫ് ടേണുകൾക്ക് പകരമായി 1, 34,67 എന്നീ ഔട്ട് ഓഫ് ടേണുകൾ നിശ്ചയിച്ചും പി.ഡബ്ള്യൂ.ഡി ആക്ട് നിലവിൽ വന്ന തിയതിയായ 7/2/1996 മുതൽ അംഗ പരിമിതർക്ക് കേഡർ സ്ട്രെങ്തിന്റെ 3 % സംവരണത്തിന് അംഗീകാരം നൽകിയും 2017 മേയ് 8 ലെ സ . ഉ (പി) നമ്പർ 8/17/സാ.നീ.വ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 1996 മുതൽക്കുള്ള വികലാംഗനിയമനത്തിലെ 3 % സംവരണം ബാക്ക് ലോഗ് ഒഴിവുകളിൽ നികത്താനും ബാക്ക് ലോഗ് നിയമനം സംബന്ധിച്ച് നടപടികൾ സ്വീകരിക്കുന്നതിനായി സർക്കാർ ഒരു എക്സ്പേർട്ട് കമ്മിറ്റിയെ സാമൂഹ്യ നീതി ഡയറക്ടറേറ്റിൽ നിയമിച്ചിട്ടുണ്ട്. ടി.കമ്മിറ്റി 3 % ബാക്ക് ലോഗ് സ്റ്റഡി നടത്തുന്നതിനുള്ള നടപടികൾ ത്വരിതമായി നടത്തി വരുന്നു. സർക്കാർ / അർദ്ധ സർക്കാർ സ്വയം ഭരണ സ്ഥാപനങ്ങൾ / യൂണിവേഴ്സിറ്റികൾ / പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും 3 % റിസർവ്വേഷൻ ബാക്ക് ലോഗ് ഡേറ്റാ ശേഖരിച്ചു വരുന്നു.

ഭരണഭാഷ - മാതൃഭാഷ

**വിവരാവകാശം / മറുപടി**

**ചോദ്യം 2 നുള്ള മറുപടി**

ചോദ്യം 1 പ്രകാരമുള്ള നടപടി സർക്കാർ സ്വീകരിച്ചിട്ടുണ്ട്

**ചോദ്യം 3 നുള്ള മറുപടി**

വികലാംഗനിയമനത്തിലെ 3 % സംവരണം ബാക്ക് ലോഗ് ഒഴിവുകളിൽ നികത്താൻ സർക്കാർ ചോദ്യം 1 നുള്ള മറുപടിയിൽ പറയുന്ന നടപടി സ്വീകരിച്ചിട്ടുണ്ട്. എന്നാൽ ഉദ്യോഗക്കയറ്റത്തിൽ ബാക്ക് ലോഗ് ഒഴിവുകൾ നികത്താൻ സർക്കാർ ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല.

**ചോദ്യം 4 നുള്ള മറുപടി**

സുപ്രീം കോടതി വിധി ചോദ്യം 1 നുള്ള മറുപടിയിൽ പറയുന്ന പ്രകാരം നടപ്പാക്കി വരുന്നു.

**ചോദ്യം 5 നുള്ള മറുപടി**

1996 മുതൽക്കുള്ള വികലാംഗനിയമനത്തിലെ 3 % സംവരണം ബാക്ക് ലോഗ് ഒഴിവുകളിൽ നികത്താനും ബാക്ക് ലോഗ് നിയമനം സംബന്ധിച്ച് നടപടികൾ സ്വീകരിക്കുന്നതിനായി സർക്കാർ ഒരു എക്സ്പേർട്ട് കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്. ആയത് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

മേൽ മറുപടി തൃപ്തികരമല്ലായെങ്കിൽ അപ്പലെറ്റ് അതോറിറ്റിയ്ക്ക് 30 ദിവസത്തിനുള്ളിൽ അപ്പീൽ സമർപ്പിക്കാവുന്നതാണ്.

അപ്പലെറ്റ് അതോറിറ്റിയുടെ മേൽവിലാസം ചുവടെ ചേർക്കുന്നു.

**അഡീഷണൽ ഡയറക്ടർ**
**സാമൂഹ്യ നീതി ഡയറക്ടറേറ്റ്,**
**വികാസ് ഭവൻ**
**തിരുവനന്തപുരം**
**ഫോൺ- 0471-2306040**
**Email-swdkerala@gmail.com**

04/05/2018

വിശ്വസ്തതയോടെ,

4/5/2018

സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ